കോവിഡ്-19 വിളക്കുടി ഗ്രാമപഞ്ചായത്തു പ്രവർത്തനങ്ങൾ

വിളക്കുടി ഗ്രാമപഞ്ചായത്തിന്റെയും കുടുംബശ്രീ സി ഡി എസിന്റെയും സംയുക്ത സഹകരണത്തോടെ വിളക്കുടി കാര്യറ വാർഡിലും ഇളമ്പൽ കേന്ദ്രമാക്കിയും രണ്ടു കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിക്കുകയുണ്ടായി. ദിനംപ്രതി നൂറ്റി അൻപതോളം കുടുംബങ്ങളിൽ ഭക്ഷണപ്പൊതി വിതരണം നടത്തിയിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചണിൽ ഓരോ ദിവസവും ഓരോ വാർഡിൽ നിന്നും ഉള്ള എ ഡി എസ്, അയൽക്കൂട്ട അംഗങ്ങൾ പങ്കെടുത്തു കിച്ചൻ പ്രവർത്തനം വളരെ നല്ല രീതിയിൽ നടത്തുകയുണ്ടായി. ഭക്ഷണം തയ്യാറാക്കുന്നതിനുള്ള വിഭവങ്ങൾ വാർഡുകളിലെ അയൽക്കൂട്ടങ്ങൾ ഓരോ ദിവസവും എത്തിച്ചു നൽകിയിട്ടുണ്ട്. വാർഡുകളിൽ പ്രവർത്തിച്ചു വരുന്ന സംഘ കൃഷി ഗ്രൂപ്പുകളിൽ നിന്നും കാർഷിക വിഭവങ്ങൾ ഉൾപ്പെടെ എത്തിച്ചു നൽകിയിരുന്നു. സാധാരണക്കാരായ കുടുംബങ്ങളിലെ അംഗങ്ങൾക്ക് ഭക്ഷണം എത്തിച്ചു നൽകിയത് വളരെ ആശ്വാസം ആയിരുന്നു.

കോവിഡ് -19 നിയന്ത്രണവുമായി ബന്ധപ്പെട്ടു ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും എല്ലാ ഭവനങ്ങളിലും കുടുംബശ്രീ അംഗങ്ങൾ തയ്ച്ചുണ്ടാക്കിയ മാസ്കുകൾ വിതരണം ചെയ്തു. എൻ ആർ ഇ ജി എസ് അംഗങ്ങൾക്ക് വേണ്ടിയും ആയിരത്തി അഞ്ഞൂറോളം മാസ്കുകൾ പഞ്ചായത്തിന്റെയും സി ഡി എസിന്റെയും സഹകരണത്തോടെ നിർമിച്ചു നൽകാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തിലെ പല വാർഡുകളിലെയും വീടുകളിൽ പച്ചക്കറി കിറ്റ്, ഭക്ഷ്യ സാധനങ്ങളുടെ കിറ്റ് എന്നിവ അയൽക്കൂട്ടങ്ങൾ വഴി എത്തിച്ചു കൊടുത്തു. കോവിഡുമായി ബന്ധപ്പെട്ടു തൊഴിൽ എടുക്കാൻ പറ്റാതെ ആയ കുടുംബങ്ങൾക്ക് അതൊരു ആശ്വാസം ആയിരുന്നു. കോവിഡുമായി ബന്ധപെട്ടു വളരെയധികം സമാശ്വാസ പ്രവർത്തനങ്ങൾ നടത്താൻ വിളക്കുടി ഗ്രാമപഞ്ചായത്തിനും കുടുംബശ്രീ സി ഡി എസിനും സാധിച്ചു.

പച്ചക്കറി കൃഷി സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനും ഭക്ഷ്യ സുരക്ഷയ്ക്കും വേണ്ടി കൃഷി വകുപ്പ് വഴി പച്ചക്കറി വിത്തുകൾ എല്ലാ ഭവനങ്ങളിലും എത്തിച്ചു, കൃഷി ആരംഭിച്ചു. സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ടു തരിശു ഭൂമി കൃഷി യോഗ്യമാക്കുന്നതിനും കൃഷി വ്യാപിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മറ്റ് കൃഷി അനുബന്ധ വകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കുന്നതിനും കുടുംബശ്രീ ജെ എൽ ജി വഴി പദ്ധതികൾ നടപ്പാക്കുന്നതിനും തീരുമാനിച്ചു.

മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി ആയ CMHLS വഴി 196 അയക്കൂട്ടങ്ങൾക്ക് വായ്പയ്ക്ക് വേണ്ടി അപേക്ഷിക്കുവാൻ കഴിഞ്ഞു. സി ഡി എസിൽ അഫിലിയറ്റ് ചെയ്തു

പ്രവർത്തിക്കുന്നതിൽ വായ്പയ്ക്ക് മാനദണ്ഡം അനുസരിച്ചു അർഹത ഉള്ള അയൽക്കൂട്ടങ്ങളുടെ അപേക്ഷകൾ ബാങ്കിൽ സമർപ്പിക്കുകയും വായ്പ നൽകി തുടങ്ങിയിട്ടും ഉണ്ട്.